# M.E.S. HIGHER SECONDARY SCHOOL S.N.PURAM



# DIGITAL MAGAZINE

# എഡിറ്റോറിയൽ

**വിപഞ്ചിക** ..... അറിവിന്റെ സപ്തസ്വരങ്ങൾ തഴുകിയുണർത്തുന്ന പ്രതീക്ഷയുടെ

തിരിനാളം ....

അധാർമികതയുടെ അന്ധകാരത്തിൽ നിന്നും

നന്മയുടെ വെളിച്ചത്തിലേക്കുള്ള പാഥേയമാണിത്. അക്ഷരങ്ങളാകുന്ന മുത്തുകൾ

കൊണ്ട് തംബുരു മീട്ടി ഞങ്ങൾ ഈ മാല കോർക്കട്ടെ ....

ഇത് പ്രതീക്ഷയുടെയും

പ്രത്യാശയുടെയും സംഗീതം....

വിപഞ്ചിക മീട്ടിയുണർത്തുന്ന സപ്തസ്വരങ്ങൾ

കേട്ടുണരട്ടെ ഓരോ പൊൻപുലരിയും ---

ആശകളും ആശങ്കകളും ഒരേ നാണയത്തിൽ നിൽക്കുന്ന

ഒരു കൊച്ചു വിദ്യാർത്ഥി സമൂഹത്തിലേക്ക് ഇതാ ഞങ്ങളുടെ **വിപഞ്ചിക** -----

# ആമുഖം

അക്ഷരങ്ങളെ പറ്റിയുള്ള അറിവല്ല വിദ്യാഭ്യാസം.

സ്വഭാവരൂപീകരണവും കർത്തവ്യത്തെപ്പറ്റിയുമുള്ള അറിവാണ് യഥാർത്ഥ വിദ്യാഭ്യാസം. അത് വായനയിലൂടെ നമുക്ക് ധന്യമാക്കാം. നമ്മൾ കുരുന്നുകൾ പുസ്തകങ്ങളെയാണ് കളിക്കൂട്ടുകാരായി കാണേണ്ടത്. അറിവ് മഹാസാഗരമാണ്. അതിലെ  മുത്തുച്ചിപ്പികളും രത്നങ്ങളും എത്ര മൂല്യം അർഹിക്കുന്നതാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. വരൂ, അറിവുകളായി പിറന്ന ആ മണിമുത്തുകൾ നമുക്ക് നുകരാം....

# ആശംസ



**Adv. K. M. NAVAS KATTAKATH**

**M E S ഹയർ സെക്കന്ററി സ്കൂൾ സെക്രട്ടറി**

വിദ്യാഭ്യാസം എന്ന പ്രക്രിയയുടെ സമഗ്രമായ അനുഭവങ്ങളും വീക്ഷണങ്ങളും കൃത്യമായ ചില ചേരുവകളിൽ സമന്വയിപ്പിക്കുന്നതാണ് e -മാഗസിൻ.

ചോക്കിനെ ടെസ്റ്റ് ട്യൂബായി സങ്കൽപിക്കുന്ന സ്ഥിതിയിൽ നിന്നും മാറി, ലോകത്തിന്റെ പലതരം ശബ്ദങ്ങളാണ് ക്ലാസ് മുറികളിൽ നിന്നും ഉയരുന്നത്.സമൂഹത്തിൽ വെളിച്ചം വീശി കൊണ്ട്, നിരന്തരം ശിരസ്സ് ചലിപ്പിച്ച്, ഹൃദയഭാഷകളിൽ സംസാരിച്ച് അദ്ധ്യായനത്തിന്റെ വിളക്കുമരമാകുന്ന ..... ഇ-മാഗസിന് സർവ്വവിധ വിജയാശംസകളും നേരുന്നു.

# ആശംസ




**അനീസ എ.എ**
**പ്രധാന അദ്ധ്യാപിക**

അറിവിന്റെ ലോകത്ത് വിവര സാങ്കേതിക വിദ്യയുടെ കുതിച്ച് ചാട്ടം കൊണ്ട് ലോകം മുഴുവൻ മാറ്റിമറിച്ച മഹാവിപ്ലവത്തിന് കാതോർത്ത് നിന്നവരാണ് പുതുതലമുറ.അവർക്ക് ഗുണപരമായ നേട്ടങ്ങൾക്ക് വേണ്ടി പിറവിയെടുത്ത ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം നമ്മുടെ സ്കൂളിലും ഏറെ പ്രതീക്ഷ നൽകുന്നു. അവരുടെ സർഗ്ഗവാസനകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുംവേണ്ടിരൂപം കൊടുത്ത ഈ മാഗസിൻ തികച്ചും അഭിനന്ദനാർഹം തന്നെ.ഈ സാക്ഷാത്കാരത്തിന് വേണ്ടി പ്രയത്നിച്ച അധ്യാപകരെയും കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം ഈ മാഗസിന് സർവ്വ മംഗളങ്ങളും നേരുന്നു.

# ആശംസ

ഒരു വ്യക്തിയെന്ന നിലയിൽ മനുഷ്യനെ സാംസ്കാരികമായും, സാമൂഹികമായും വളർത്തുന്നതിൽ മുഖ്യ ഘടകമായി നിൽക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. കേവലം മനപാഠത്തിന്റെ യുക്തി മാത്രം പഠന പ്രക്രിയയിൽ പ്രയോഗിച്ചിരുന്ന രീതിയിൽ നിന്നും നാം എത്രയോ മുന്നോട്ട് പോയിരിക്കുന്നു; അറിവിന്റെ നിർമ്മാണത്തിന് കുട്ടിയെ സഹായിക്കുന്ന ഒരാൾ എന്ന നിലയിലേക്ക് മാറിയിരിക്കുന്നു. " എണ്ണ വറ്റാത്ത വിളക്ക് " എന്നാണ് എസ്.രാധാകൃഷ്ണൻ അദ്ധ്യാപകരെ വിശേഷിപ്പിച്ചിരിക്കുന്നത്.ഈ പ്രയോഗത്തെ അന്വർത്ഥമാക്കി കൊണ്ട് എം.ഇ.എസ്.ഹയർ സെക്കന്ററിയുടെ പ്രവർത്തന മണ്ഡലത്തെ ഇ-മാഗസിനിലൂടെ പ്രഭാ പൂർണമാക്കുവാൻ ശ്രമിക്കുന്ന ഉത്കൃഷ്ടമായ പ്രവർത്തനത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ നേർന്നു കൊണ്ട് സ്നേഹപൂർവ്വം മംഗളാശംസകൾ.



വി.എ. സക്കീന

**SRG** കൺവീനർ

# അകത്താളുകളിലൂടെ

ഓർമ്മച്ചെപ്പ് (കവിത)....................................................8
സത്യാഗ്രഹം (കവിത) ................................................9
പടപ്പാട്ട് ..........................................................10
Mother ( poem )................................................11
വായന (കവിത)...................................................12
മികവിന്റെ പാതയിൽ ( ചിത്രങ്ങൾ)...............................13
പ്രകൃതി (കവിത)...................................................15
അധ്യാപകൻ (ലേഖനം) ..........................................17
അമ്മമ്മ (കഥാപാത്ര നിരൂപണം ) ...............................19
എന്റെ നെല്ലിയാമ്പതി യാത്ര ( യാത്രാവിവരണം) .............21
എക്കോക്ലബ് (പഠനയാത്ര) .......................................23
MY MIND (Poem)..............................................27
കുടുംബ ബന്ധങ്ങൾ ഊഷ്മളമാക്കാം(പ്രസംഗം) .................28
ഒരു ചെറുനൊമ്പരം (കവിത) ....................................30
കർമ്മം (ലേഖനം) ..................................................31
ചിത്രകലയിലൂടെ (ചിത്രങ്ങൾ) ....................................32

# ഓർമ്മച്ചെപ്പ്

ഇന്നെൻ ഓർമ്മച്ചെപ്പ് ക്ലാവ് പിടിച്ച് പോയി
ജീവിതത്തിൻ കുത്തൊഴുക്കിൽ അതെനിക്കെവിടെയോ നഷ്ടമായി,
ഞാനൊട്ടു തിരഞ്ഞുമില്ല.
മനസ്സിലെവിടെയോ സ്പന്ദനമായി, കാലത്തിനോളമായി
പിന്നീടതെൻ
മനസ്സിന്നാഴങ്ങളിൽ നിശബ്ദ സംഗീതമായി
ഇനി യാത്രാന്ത്യവേളയിൽ
അതെൻ കാലിലിടയവേ
ചുടുചോര മനസ്സിൻ വിള്ളലിൽ പടരുന്നു.
ഭസ്മത്താൽ മിനുക്കിത്തുടക്കാനെനിക്ക് മനസ്സില്ല, എങ്കിലും
അതിനെൻ ജീവിതഗന്ധമുണ്ട് ചോരക്കറയുണ്ട്
അതെൻ ചിറകറ്റമോഹങ്ങൾ തൻ നിസ്സഹായതയും
എങ്കിലും വൈകി ഞാനറിയുന്നു
നഷ്ടസ്വപ്നങ്ങൾ ഇപ്പോഴും പരിചിതർ! മറവിയൊരനുഗ്രഹവും...





Athul Krishna
9A

# സത്യാഗ്രഹം

സത്യാഗ്രഹംഎന്നാൽ

സത്യത്തെ മുറുകെ പിടിക്കുക എന്നാണ് അർത്ഥം

സത്യാഗ്രഹം  അഹിംസയിൽ അധിഷ്ഠിതമായിരുന്നു.

സത്യാഗ്രഹി തിന്മയെ വെറുക്കുന്നു.

എന്നാൽ തിന്മ ചെയ്യുന്ന ആളിനെ വെറുക്കുന്നില്ല തിന്മ ചെയ്യുന്നവന്റെ

മനഃസാക്ഷിയെ തട്ടിയുണർത്താമെന്ന് സത്യാഗ്രഹി വിശ്വസിക്കുന്നു.

രാജ്യസ്നേഹം വീറ് കൊണ്ടേ... ധീരമുണ്ടീ നാട്ടില് ....

രക്ഷ വേണങ്കില് രണ്ടിക്കാട്ടവർ ഇംഗ്ലണ്ടില്



# പടപ്പാട്ട്

അന്നിരുപത്തൊന്നിൽ നമ്മൾ ഇമ്മലയാളത്തില്
ഒന്ന ചേർന്ന് വെള്ളയോടെതിർത്തു നല്ല മട്ടില്
ഏറനാട്ടിൽ ധീരമക്കൾ ചോരചിന്തിയ നാടിതിൽ
ചീറിടും പീരങ്കികൾക്ക് മാറ് കാട്ടിയ നാടിതിൽ
വാരിയം കുന്നത്ത് വീര കുഞ്ഞഹമ്മതാജിയും
വാശിമൂത്തെ മൂപ്പരുടെ കൂടെ കൂട്ടമായിട്ടും.

*** *** ***

നമ്മളുണ്ടാക്കുന്ന നെല്ല് ജന്മിമാരെ തീറ്റുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റുമുട്ടുവാൻ
നമ്മളുടെ കാശുവാങ്ങി ഇംഗ്ലണ്ടിലേക്ക് അയക്കുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റുമുട്ടുവാൻ

*** *** ***



**ANUSREE M R**
XB

നമ്മുടെ നെഞ്ചിൽ ആണോ കല്ല് കേറ്റി വെച്ചത്
നമ്മുടെ കൂട്ടരെയാണോ സുബറ് കൊന്നത്

മഞ്ചേരി നിനഞ്ചാറ് മൈല് ദൂരവേമോങ്ങത്തില്
സഞ്ചരിക്കുന്നോർക്ക് കാണാറാകുക നിരത്തില്
ചത്തുപോയ ഹിച്ച് കോക്ക് സാഹിബിന്റെ സ്മാരകം
ചാത്തനെ കുടി വെച്ച പോലെ ആ ബലാലിൻ സ്മാരകം

**** *** ****

# MOTHER

Mother... this is the sweet word
of the lovely glossary's
mother is our life's
Sweet good kind-hearted women
I have sweet mother
My mother is great
she is part of my small life
My mother have not colour but,
Her heart is full of
brighting colours
Mother is the most beautiful
women in my life.
I love my mother very much...
Her love is deeper than
the oceans and
Her words are sweeter than any sweet
my mother, my mother....
she is great



Amana C S

9A

# വായന




തലയറുത്തു കൊടുത്തു ഞാനൊരു തൊപ്പി വാങ്ങിച്ചു

ചെവിയറുത്തു കൊടുത്തു ഞാനൊരു റേഡിയോ വാങ്ങിച്ചു

കണ്ണു ചൂഴ്ന്നു കൊടുത്തു ഞാനൊരു  വിളക്ക് വാങ്ങിച്ചു കൈകൾ അരിഞ്ഞു കൊടുത്തു


ഞാനൊരു വാച്ച് വാങ്ങിച്ചു

കാലു മുറിച്ചു കൊടുത്തു ഞാനൊരു ചെരുപ്പ് വാങ്ങിച്ചു

തൊപ്പിയുമിട്ട് റേഡിയോ വച്ച് വിളക്കുകൊളുത്തി വാച്ചുകെട്ടി ചെരുപ്പുമിട്ട്  ഇന്ന്

വീട്ടിൽ ഇരുന്നു ഞാൻ ഒരു ചെറുകഥ വായിച്ചു

വായന ഇല്ലാതായില്ല എന്ന് അതിൽ എഴുതിയിരിക്കുന്നു



ഫാത്തിമ നൂറ
9 A

# മികവിന്റെ പാതയിൽ









# മികവിന്റെ പാതയിൽ




HIGH SCHOOL BLOCK
ലഹരിവിരുദ്ധദിനം
MESHSS




ഛത്തീസ്ഗഡിൽ വെച്ച് നടന്ന
64–ാമത് ദേശീയ സ്കൂൾ ഗെയിംസ്
ബേസ്ബോൾ മത്സരത്തിൽ കേരളത്തിന്
വേണ്ടി മികച്ച പ്രകടനം നടത്തിയ
യാദവ്.സി.എസ് ന്
അഭിനന്ദനങ്ങൾ
DIAMOND 16 SPORTS CLUB

# മികവിന്റെ പാതയിൽ









# പ്രകൃതി

പച്ച വിരിച്ച നെൽപാടങ്ങളിൽ

പല നിറമാർന്ന വർണ്ണ കിളികൾ മണി കൊത്തിപ്പറന്നു പോവും കിളിയെ

വല വെച്ച്പിടിക്കും മനുഷ്യർ



എന്തൊരു ക്രൂരനാണീമനുഷ്യൻ

പ്രകൃതിയോടും ജീവികളോടും കാണിക്കുന്നത്

എന്തിനീ ക്രൂരത കാണിക്കുന്നു മനുഷ്യാ

വെറുതെ നിൻ ജീവിതം നശിപ്പിക്കുന്നു

മനുഷ്യാ .....ഹേ.... മനുഷ്യാ

നീയെന്തിനീ നാട് നശിപ്പിക്കുന്നു

നാട് നശിക്കുന്നതിലൂടെ

പ്രകൃതി മരിക്കുന്നു

പ്രകൃതിയില്ലെങ്കിൽ പിന്നെ

ഒരു ജീവജാലങ്ങളുമില്ല..

പ്രകൃതിയെ സംരക്ഷിക്കൂ......

പ്രകൃതിയെ വേദനിപ്പിക്കാതിരിക്കൂ ...


Raihana R I

8 A

# അധ്യാപകൻ

പുല്ലിംഗം മാത്രമുള്ള ഒരു മലയാളവാക്കാണ് മാഷ്. വിക്കിപീഡിയയിലും ശബ്ദതാരാവലിയിലും ഗൂഗിളിലുമൊന്നുമില്ലാത്ത വാക്ക്. ആകാശത്തോളം അർത്ഥഗംഭീരമായ ഒരു അനുഭവത്തെ കൊക്കിലൊതുക്കാനുള്ള കരുത്തില്ലാത്തതുകൊണ്ടാവണം വിക്കിപീഡിയയും മാഷിനെ വ്യാഖ്യാനിക്കാൻ തുനിയാതെ പോയത്.ഗുരു എന്നുപറയുന്നതിൽ ഒരു ഗൗരവമുണ്ട്. അധ്യാപകൻ എന്നുപറയുന്നതിൽ ഒരു ഔപചാരികതയും. എന്നാൽ മാഷ് എന്ന് പറയുമ്പോൾ അനുഭവപ്പെടുന്ന അടുപ്പം ചെറുതല്ല. അധ്യാപകവൃത്തിയെക്കാൾ മഹത്തായ മറ്റൊരു ജോലി വേറെയില്ലതന്നെ. കേവലം സർട്ടിഫിക്കറ്റുകളുടെ മാനദണ്ഡത്തിൽ ഒതുക്കാവുന്നതല്ല ഈ തൊഴിൽ. വ്യക്തമായ ധാരണയും വിവരണാത്മകതയും ഭാഷാസ്വാധീനവുമൊക്കെ അധ്യാപർക്കുണ്ടാവണം. ഒരു കലാകാരനെക്കാൾ മികച്ച പെർഫോമർ ആകാൻ അധ്യാപകർക്ക് കഴിയണം. നില്ക്കുന്ന പ്ലാറ്റ്ഫോം മുഴുവൻ ഉപയോഗിച്ചുകൊണ്ട് മോട്ടിവേറ്ററായും കൗൺസിലറായും ആക്ട്റായും മാറാൻ സാധിക്കണം. സാന്നിധ്യം കൊണ്ടുതന്നെ പ്രചോദനാത്മകതയുടെ സന്തോഷം ക്ലാസ് മുറികളിൽ നിറയ്ക്കാനാകണം. വഴക്കും ശിക്ഷകളും ശാപവാക്കുകളും അധ്യാപകരിൽ നിന്ന് ഉണ്ടാവരുത്. താൻ പറയുന്ന കാര്യങ്ങളും പ്രവൃത്തികളുമെല്ലാം കുട്ടികളുടെ മസ്തിഷ്ക്കത്തിലെ ഫ്രോണ്ടൽ, പ്രീ ഫ്രോണ്ടൽ കോർട്ടക്സുകളെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമായിരിക്കണം. അലസതകൊണ്ടും

വിരസതകൊണ്ടും ലഹരികൊണ്ടും അധ്യാപകർ മങ്ങിപ്പോകരുത്. സ്വയം ഉണരുന്ന ഒരാളിനുമാത്രമേ മറ്റൊരാളെ വിളിച്ചുണർത്താനാവൂ. അധ്യാപകർ ഉണർന്നിരിക്കണം. അവർക്കു മാന്ദ്യമുണ്ടാകരുത്. വിഷാദവുമുണ്ടാകരുത്. നന്നായി പെർഫോം ചെയ്യാനാകും എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം, ആശയവിനിമയം സാധ്യമാകും എന്ന് ശുഭാപ്തിവിശ്വാസമുണ്ടെങ്കിൽ മാത്രം, താൻ പഠിപ്പിക്കുന്നതും പറയുന്നതും കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കാനുള്ള സത്വം തന്നിലുണ്ടെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം കേവലം ശമ്പളത്തിനുവേണ്ടി മാത്രമല്ല ജോലി ചെയ്യുന്നത് എന്ന ധാരണയുണ്ടെങ്കിൽ മാത്രം തിരഞ്ഞെടുക്കേണ്ടതാണ് അധ്യാപകവൃത്തി.



**സ്ററാൻലി ജോസഫ് വടാശ്ശേരി**

**HSA MATHEMATICS**

# അമ്മമ്മ

## കഥാപാത്രനിരൂപണം

പി സുരേന്ദ്രൻ എഴുതിയ അനുഭവക്കുറിപ്പാണ് അമ്മമ്മ. അമ്മയുടെ മുഖത്തെ കരച്ചിൽ വട്ട കെട്ടിയ മുഖം മനസ്സിലെ ഭിത്തിയിൽ പതിഞ്ഞു കിടക്കുന്നുണ്ട് . എപ്പോഴും അമ്മമ്മ വെപ്രാളപ്പെട്ടാണ് നടക്കാറ്. ഇതിലെ പ്രധാന കഥാപാത്രമാണ് അമ്മമ്മ. അമ്മമ്മയുടെ കാതുകൾ നഗ്നമാണ്. സൂര്യകിരണങ്ങൾ നിറങ്ങൾ ഒക്കെയും കവർന്നെടുത്തു കൊണ്ടു പോയ സാരിയാണ് അമ്മമ്മ എപ്പോഴും ധരിക്കാറ് .അമ്മമ്മ ചെരിപ്പ ധരിക്കാറില്ല. ഇവിടെ കാതിൽ മഹാ സങ്കടങ്ങൾ തേക്കുന്ന പാദങ്ങൾ വീണ്ട പൊട്ടിയിട്ടുണ്ട്. തേവി വറ്റിപ്പോയ കിണറുക മുന്നിൽ അമ്മമ്മ.അമ്മമ്മ വിധവയാണ്. അമ്മമ്മക്ക് ഒരു മകളാണ് ഉള്ളത് .ആണും പെണ്ണുമായി ഒന്ന്.മകളുടെ ഭർത്താവ് തികഞ്ഞ മദ്യപാനി.കലഹിച്ച ജീവിതത്തിൽനിന്നാണ് മൂന്നു കുഞ്ഞുങ്ങളെയും പിറന്നത്. മകളെ കൊലപ്പെടുത്തി മൂന്നുമക്കളെയും ഇരുട്ടിലേക്ക് തള്ളി എങ്ങോട്ടോ ഓടിപ്പോയി. അമ്മമ്മ മകളെ പണിക്ക് വിടാറില്ലായിരുന്നു.പകരം അമ്മമ്മ പോയി പണിയെടുക്കും.മൂന്ന് മക്കളെയും നോക്കാനുള്ള കഴിവൊന്നും അമ്മമ്മക്കില്ല. ദാരിദ്രം നിറഞ്ഞതാണ് ആ കുടുംബം. മൂന്ന് പേരക്കുട്ടികളെയും നോക്കാൻ കഴിവില്ലാത്തത് കൊണ്ടാണ് അമ്മമ്മ അവരെ ഹോസ്റ്റലിൽ ചേർത്തിയത് .നോക്കാൻ അറിയാത്തതുകൊണ്ടല്ല. അതിനുള്ള കഴിവില്ലാത്തത് കൊണ്ടാണ് .അമ്മമ്മ പണിയെടുത്തു കൊണ്ടുവരുന്ന പണം മൂന്നുപേരകുട്ടികളെയും നോക്കാൻ കഴിയില്ല. അമ്മമ്മ മക്കളോട് നല്ല



രീതിയിലാണ് പെരുമാറാറ്. ആരു തെറ്റ് ചെയ്താലും അവരോട് തിരിച്ച് നല്ല രീതിയിൽ പെരുമാറും. ഇതുപോലുള്ള അമ്മമാരെ ഇപ്പോഴത്തെ കാലഘട്ടത്തിൽ ആവശ്യമില്ല. കാരണം അവരെയൊക്കെ വൃദ്ധസദനത്തിലേക്ക് തള്ളിവിടുകയാണ് .അവർ എത്ര ഉപകാരം ചെയ്താലും പിന്നെ അവരെ തള്ളിവിടുന്നത് വൃദ്ധ സദനത്തിലേക്ക്.....

അഞ്ജന 8 A



# യാത്രാവിവരണം

## എന്റെ നെല്ലിയാമ്പതി യാത്ര

നെല്ലിയാമ്പതിയിലേക്കുള്ള യാത്ര ഞാനും എന്റെ കുടുംബവും ശരിക്കും ആസ്വദിച്ചു .ഒരു വാനിൽ ആണ് ഞങ്ങൾ നെല്ലിയാമ്പതിയിലേക്ക് പുറപ്പെട്ടത് നെല്ലിയാമ്പതി എന്ന സ്ഥലത്തെ കുറിച്ച് പറഞ്ഞു കേട്ടിട്ടല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് അറിയുമായിരുന്നില്ല. വേണ്ടതെല്ലാം തലേദിവസംതന്നെ ഞങ്ങൾ പാക്ക് ചെയ്തിരുന്നു. തേൻ മല ഇറങ്ങുമ്പോഴേക്കും കാടിന്റെ മനോഹാരിത അനിയൻ ക്യാമറയിൽ പകർത്തിയിരുന്നു. തേയിലത്തോട്ടങ്ങൾക്കും കാപ്പിത്തോട്ടങ്ങൾക്കും ഇടയിൽ വണ്ടി നിർത്തി ഞാനും ഉമ്മയും വാപ്പയും അനിയനും കോടമഞ്ഞും കൊണ്ട് തോട്ടങ്ങൾക്കിടയിലൂടെ നടക്കുമ്പോഴാണ് മരങ്ങൾക്കിടയിൽ ചാടി തിമിർക്കുന്ന കുരങ്ങുകളെ കണ്ടത്. അവിടെ പച്ചപ്പുൽമൈതാനിയിൽ ഇരുന്ന് ഞങ്ങൾ പ്രാതൽ കഴിച്ചു .പിന്നീട് ഞങ്ങൾ ഉദ്യാനത്തിലേക്ക് പോയി. അവിടെ വ്യത്യസ്തങ്ങളായ ഓർക്കിഡുകളും പല പുഷ്പങ്ങളും പൂക്കളും ചിത്രശലഭങ്ങളും നൽകുന്ന സൗന്ദര്യം ഒരു പ്രത്യേക അനുഭൂതിയായിരുന്നു. മരങ്ങളും മറ്റുപല ഫലവൃക്ഷങ്ങളും ഉദ്യാനത്തിൽ ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ നിന്ന് പുറത്തിറങ്ങിയപ്പോഴാണ് ഒരു കൈനോട്ടക്കാരനെ ഞങ്ങൾ അവിചാരിതമായി കാണുന്നത്. മലയാളം തമിഴ്

കലർന്ന സംസാരം തന്നെ വാക്ചാതുര്യത്താൽ ആളുകളെ വീഴ്ത്തുന്ന  തരത്തിലുള്ള പെരുമാറ്റം. തീർത്തുമൊരു പ്രാകൃതമനുഷ്യൻ. ഞങ്ങളുടെ  എല്ലാവരുടെയും കൈ നോക്കി ലക്ഷണം പറഞ്ഞു.

പിന്നീട് ഞങ്ങൾ ഹോട്ടലിൽ പോയി.ഊണുകഴിച്ച ശേഷം മലമ്പുഴ ഡാം

കാണുന്നതിനായി പോയപ്പോൾ നല്ല മഴയുണ്ടായിരുന്നു. മഴയത്ത് ചൂട് ചോറും ഉപ്പിലിട്ട മാങ്ങയും കപ്പലണ്ടിയും കഴിച്ചുകൊണ്ട് ഞങ്ങൾ ഡാമിന് മുകളിലൂടെ നടന്നു. ശക്തമായ കാറ്റിൽ കുട പാറിപ്പോകാതെഎങ്ങനെയാണ് സൂക്ഷിച്ചതെന്ന് എനിക്ക് ഇപ്പോഴും ഓർക്കാൻ കഴിയുന്നില്ല.

ശേഷം ഞങ്ങൾ സ്നേക്ക് പാർക്കിൽ പോയി. അവിടെ വിവിധങ്ങളായ പാമ്പുകളെ

ഞങ്ങൾ കണ്ടു .പിന്നെ ചിൽഡ്രൻസ് പാർക്കിൽ പോയി ധാരാളം റെയ്ഡുകളിൽ കയറുകയും ഐസ്ക്രീം കഴിക്കുകയും പിന്നെ സിനിമ കാണുകയും ചെയ്തു .യാത്ര ശരിക്കും അടിപൊളിയായിരുന്നു. സമയം അതിക്രമിക്കും മുമ്പ് മനസ്സില്ലാമനസ്സോടെ  വീണ്ടും വരുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. ഒരിക്കലും മറക്കാത്ത ഒരു യാത്ര അനുഭവമായി ഇന്നും ഇത് എന്റെ മനസ്സിൽ നിലനിൽക്കുന്നു.

**Nasiha K M**
**9 C**

# എക്കോ ക്ലബ്ബ്

**"ഫീൽഡ് ട്രിപ്പ്  മണ്ണുത്തി വെറ്റിനറി കോളജിലേക്ക്...."**

O9 / 10/ 2018 ൽ 43 പേരടങ്ങുന്ന കുട്ടികളുടെ സംഘത്തെ സ്കൂൾ ബസ്സിലാണ് കൊണ്ടുപോയത്.ആ പ0ന യാത്രയിലുടനീളം കാണാൻ പോകുന്ന വെറ്റിനറി കോളേജിനെക്കുറിച്ചായിരുന്നു ചർച്ച.യാത്ര വെറ്റിനറി കോളേജിൽ അവസാനിച്ചതും കുട്ടികൾ ഒന്ന് കൂടി ഉത്സാഹഭരിതരായി. നിരവധി സ്കൂളിലെ വിദ്യാർത്ഥികളും അപ്പോഴേക്കും അവിടെ എത്തിക്കൊണ്ടിരിക്കുന്നുണ്ടായിരിന്നു. പ്രകൃതി ഭംഗികൊണ്ട് ഏറെ അനുഗ്രഹീതമായ അവിടം ഏറെ ആഹ്ലാദഭരിതമായ അന്തരീക്ഷമുളവാക്കി. മരങ്ങളാൽ ചുറ്റപ്പെട്ട വലിയ ഗ്രൗണ്ട് വളരെ ആകർഷകമായി തോന്നി. വിവിധ മൃഗങ്ങളുടെ അവയങ്ങളും അവയുടെ അസ്ഥികൂടങ്ങളും കണ്ട് കുട്ടികൾ ആകാംക്ഷ ഭരിതരായി. വിദേശത്ത് നിന്നും ഇറക്ക് മതി ചെയ്ത വൈവിധ്യമാർന്ന കുതിരകൾ കണ്ട് കുട്ടികൾ വിസ്മയഭരിതരായി.അവിടെയുള്ള മ്യൂസിയം , ഡയറിപ്ലാൻറ് മുതലായവ കുട്ടികൾ ചുറ്റിനടന്ന് കണ്ടു. ചോദ്യങ്ങൾ ഉന്നയിച്ചും സംശയ നിവാരണം നടത്തിയും നടന്ന അവർക്കത നല്ലൊരു അനുഭവമായി .  കുട്ടികൾ ആസ്വാദനത്തിനായി പൗൾട്രി ഫാമും അതിലുള്ള വെച്ചൂർ പശു തുടങ്ങി നിരവധി വ്യത്യസ്ഥ ഇനത്തിൽപ്പെട്ട കാലികളെ കണ്ടത് മുതൽ കുട്ടികളുടെ ഉത്സാഹം പതി മടങ്ങായി. ഓരോന്നിനെക്കുറിച്ചും വ്യക്തമായ വിവരണം കൂടിയായപ്പോൾ കുട്ടികളുടെ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവസനകളും നിരീക്ഷണ പാടവും പുറത്ത് വന്ന് തുടങ്ങി. പാലും പാലുൽപ്പന്നങ്ങളും മധുരമൂറും വിഭവങ്ങളും"എക്കോ ക്ലബ്ബ് "ഫീൽഡ് ട്രിപ്പ്  മണ്ണുത്തി വെറ്റിനറി കോളജിലേക്ക്....

09 / 10/ 2018 ൽ 43 പേരടങ്ങുന്ന കുട്ടികളുടെ സംഘത്തെ സ്കൂൾ ബസ്സിലാണ് കൊണ്ടുപോയത്. യാത്രയിലുടനീളം കാണാൻ പോകുന്ന വെറ്റിനറി കോളേജിനെക്കാച്ചായിരുന്നു ചർച്ച.യാത്ര അവസാനിച്ചതും കുട്ടികൾ ഒന്ന് കൂടി ഉത്സാഹഭരിതരായി.അവിടെയുള്ള മ്യൂസിയം , ഡയറിപ്ലാൻറ് മുതലായവ കുട്ടികൾ ചുറ്റിനടന്ന് കണ്ടു. ചോദ്യങ്ങൾ ഉന്നയിച്ചും സംശയ നിവാരണം നടത്തിയും നടന്ന അവർക്കത നല്ലൊരു അനുഭവമായി . കുട്ടികൾ ആസ്വാദനത്തിനായി പൗൾട്രി ഫാമും അതിലുള്ള വെച്ചൂർ പശു തുടങ്ങി നിരവധി വ്യത്യസ്ഥ ഇനത്തിൽപ്പെട്ട കാലികളെ കണ്ടത് മുതൽ കുട്ടികളുടെ ഉത്സാഹം പതി മടങ്ങായി. ഓരോന്നിനെക്കുറിച്ചും വ്യക്തമായ വിവരണം കൂടിയായപ്പോൾ കുട്ടികളുടെ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവസനകളും നിരീക്ഷണ പാടവും പുറത്ത് വന്ന് തുടങ്ങി. പാലുൽപാദനവും ഉൽപ്പ്ന നിർമ്മാണവും ബന്ധപ്പെട്ടർ വിശദീകരിച്ചത് കേട്ടപ്പോൾ മുതൽ കുട്ടികളുടെ വായിൽ കപ്പലോടിത്തുടങ്ങി. പുറത്ത് നിന്നും ഒരു കാര്യത്തിനും പാൽ വാങ്ങാറില്ലത്രേ! മനുഷ്യ സ്പർശമേൽക്കാത്ത രീതിയിൽ ആധുനിക മെഷീനുകൾ ഉപയോഗിച്ചാണ് ഓരോ ഉൽപ്പന്നങ്ങളും തയ്യാറാക്കുക. ആവശ്യമുള്ള വെള്ളം പോലും പച്ച വെള്ളവും ചൂട് വെള്ളവും തരം തിരിച്ച് ഓരോ ടാപ്പുകളിലൂടെ കടത്തിവിടുന്നു.

അങ്ങിനെ ആ കാമ്പസ് മുഴുവൻ കണ്ടു കണ്ടില്ല എന്ന മട്ടിലായപ്പോഴേക്കും സമയം അതിക്രമിച്ച് തുടങ്ങി. തിരിച്ച് പോകേണ്ട സമയമായി.ഇതിനിടയിൽ ലഘുഭക്ഷണവും ഉച്ചഭക്ഷണവുമെല്ലാം കഴിഞ്ഞിരുന്നു. തിരിച്ച് പോകാനായി കുട്ടികളെ വിളിച്ച് കൂട്ടിയപ്പോൾ അവർക്ക് വല്ലാത്ത നഷ്ടബോധം.പലർക്കും തിരികെ

പോരാൻ താലപര്യമില്ലാത്ത പോലെ. എങ്കിലും മടങ്ങാതെ പറ്റില്ലല്ലോ. തിരികെ വാഹനത്തിൽ കയറി പോരുമ്പോഴും കുട്ടികൾ പഠനയാത്രയുടെ ആസ്വാദനത്തിന്റെ ലഹരിയിൽ നിന്നും മോചിതരായിരുന്നില്ല. കണ്ട കാഴ്ചകളെക്കുറിച്ചുള്ള ചർച്ചകകളും അതിശയോക്തി നിറഞ്ഞ ഭാവനകളുമായിരുന്ന മടക്കയാത്രയിലത്രയും. പടിഞ്ഞാറെ വെമ്പല്ലൂരിന്റെ അരുണിമയാർന്ന സാംയം സന്ധ്യ MES സ്കൂളിനെ ചുവപ്പണിയിച്ച് നിൽക്കുന്ന നേരം സ്കൂൾ ബസ് കാമ്പസിൽ തിരികെയെത്തി കുട്ടികളെ തിരിച്ചയക്കാനുള്ള തത്രപ്പാടിൽ അവരുടെ ചോദ്യം എന്റെ മനസ്സിലും ഒപ്പം കൂടിയരുടെ മനസ്സിലും ആഹ്ലാദത്തിന്റെ മഞ്ഞ് മഴ പെയ്യിച്ചു, ഇനി എന്നാ ടീച്ചറെ ഇത് "പോലൊരുപ0ന യാത്ര". ആരും കേൾക്കാൻ കൊതിക്കുന്ന ആ ചോദ്യവും പേറി ഞാൻ വീട്ടിലേക്ക് മടങ്ങും മുമ്പ് പറയാതിരിക്കായില്ല" ഇനിയും പോകാം, പക്ഷെ അതിന് മുമ്പ് പഠിച്ച് മിടുക്കരായ കുട്ടികളെന്ന് പേരെടുക്ക് "



**Kunjumol K.A**
**H.S.A Natural Science**

# എക്കോ ക്ലബ്ബ്














# MY MIND

My Mind is like a vast land
Always green and prosperous
With all golden thoughts and feelings
Some flowers are hiding behind the green
Those are my sweet memories
Which make me forget my worries
Some buds are smiling near the flowers
Who are wished to say something
Those are my dreams and visions

which are going to bloom in future
some stars above shining like diamonds
Those are the people I love as mine
some bluish clouds are flowing there in skies
those are the clouds sorrow and pain
My mind is soft and sensitive
which can be as like as a soft breeze
oh! my mind is like a vast land

**JUMANA.C.S**

**9A**

# കുടുംബബന്ധങ്ങൾ ഊഷ്മളമാക്കാം

## പ്രസംഗം

മാന്യ സദസ്സിന് വന്ദനം .

ഞാൻ ഇന്ന് ഇവിടെ പറയാൻ ആഗ്രഹിക്കുന്നത് നമ്മുടെ കുടുംബ ബന്ധങ്ങൾ ഊഷ്മളമാക്കുന്ന പ്രാധാന്യത്തെ കുറിച്ചാണ് .എല്ലാ കുടുംബങ്ങളും സ്നേഹത്തോടെ ജീവിച്ചാൽ നമ്മുടെ ഈ ലോകം സ്നേഹം നിറഞ്ഞതാകും .പക്ഷേ ഇന്ന് ഒരു പുതിയ തലമുറ വളരുന്നത് ഒരിക്കലും സ്നേഹം നിറഞ്ഞ മനസ്സ് കൊണ്ടല്ല .പകരം പകയും വിദ്വേഷവും കൊണ്ടാണ് .സ്നേഹം കൊണ്ട് മറികടക്കാൻ പറ്റാത്ത ഒന്നും നമ്മുടെ ഈ ലോകത്തിലില്ല. പണ്ടുകാലത്തെ പോലെയല്ല ഇന്നത്തെ കുട്ടികൾ .മുൻകാലത്തത്ത് പരസ്പരം സ്നേഹിച്ചു കൊണ്ടാണ് എല്ലാവരും ജീവിച്ചിരുന്നത്. അതുകൊണ്ടുതന്നെ പണ്ടുകാലത്ത് വെട്ടും കൊലപാതകവും എല്ലാം കുറവായിരുന്നു.എന്നാൽ ഇന്ന് അങ്ങനെയല്ല. കോളേജ് വിദ്യാർത്ഥികൾ പോലും സ്വന്തം കൂട്ടുകാരെ കൊലപ്പെടുത്തുന്ന അവസ്ഥയാണുള്ളത്. സ്നേഹത്തിൻറെ ലോക ലോകമാണ് നമുക്ക് വേണ്ടത് .അല്ലാതെ പകയുള്ള ലോകമല്ല നമുക്ക് വേണ്ടത്. എല്ലാവരോടും

സ്നേഹം പ്രകടിപ്പിക്കുകയും മറ്റുള്ളവർക്ക് നമ്മളോട് ദേഷ്യം ഉണ്ടെങ്കിൽ അവരെ സ്നേഹിച്ച് നമ്മളോട് ഉള്ള ദേഷ്യം മാറ്റുകയാണ് വേണ്ടത്. വല്ലാതെ ദേഷ്യം കൂട്ടുകയല്ല വേണ്ടത്.മറ്റുള്ളവരെ കാണുമ്പോൾ മുഖത്ത് ഒരു പുഞ്ചിരി വേണം. അതുണ്ടെങ്കിൽ നമ്മുടെ ബന്ധങ്ങൾ നിലനിൽക്കും പക്ഷേ ഇപ്പോഴത്തെ തലമുറക്ക് മുഖത്ത് നോക്കാനുള്ള സമയം ഉണ്ടോ? എല്ലാവരും വളരെ തിരക്കിലാണ്. ഒരു ജോലിയും ഇല്ലെങ്കിൽ പോലും ഫോൺ എന്നൊരു സാധനം ഉള്ളതുകൊണ്ട് എല്ലാവരും വളരെ തിരക്കിലായിരിക്കും. പലപ്പോഴും നമ്മുടെ ബന്ധങ്ങൾ കുറയാനുള്ള കാരണം മൊബൈൽ ഫോണാണ്. അതുകൊണ്ട് നമ്മൾക്ക് ഉപകാരം ഉണ്ട് .പക്ഷെ കുറ്റപ്പെടുത്തേണ്ടത് നമ്മളെ തന്നെയാണ്. ഒരു ദിവസം മുഴുവനും ഇതിൽ തന്നെ നോക്കിയിരിക്കുന്നവരുണ്ട്. അവരാണ് കുറ്റക്കാർ .അല്ലാതെ ആവശ്യത്തിനുമാത്രം നോക്കുന്നവരെ കുറ്റപ്പെടുത്തേണ്ടതില്ല. പരസ്പരം സ്നേഹ ബന്ധം നിലനിർത്താൻ നാട്ടിൽ എല്ലാവരും ശ്രമിക്കണം .എന്നാൽ നമ്മുടെ ഈ ലോകവും ശാന്തിയും സമാധാനവും ഉള്ളതായി മാറും. നമ്മുടെ ലോകം നന്നാവാൻ നമ്മൾ വിചാരിച്ചാൽ സാധിക്കും എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി നമസ്കാരം.



അൽ ഷിഫാന
**8 A**

# ഒരു ചെറുനൊമ്പരം

ആരോ മെനെഞ്ഞെടുത്ത രാത്രിയുടെ നിറവിൽ
ഏകയായ് എൻ മനം ഒഴുകുകയായ്
ചന്ദ്രന്റെ നിഷ്കളങ്കമാം പാൽ പുഞ്ചിരി പോലും
എനിക്കു സഹിക്കാതെയായ്, പുഴയുടെ വറ്റാത്ത കണ്ണീരു പറയുന്ന
തീരാദുഃഖങ്ങൾ തൻ കദന കഥകൾ മാത്രം
കാറ്റിന്റെ തേങ്ങലുകൾ രാത്രിയുടെ മറവിൽ
ഒഴുകിയെൻ ചാരത്തുവന്നണഞ്ഞു
പൂക്കൾ തൻ സുഗന്ധം രാത്രി കാറ്റിൽ പരത്തി നീ
എന്തിന് വേണ്ടി തേങ്ങലുകളൊളിപ്പിച്ചു
ദുഃഖങ്ങൾ തന്നു പ്രസാദിച്ചോരെൻ
ജീവനെനിക്ക് ഏറ്റവും പ്രിയപ്പെട്ടതായ്
കരിനിഴൽ പതിച്ചോരെൻ
മോഹങ്ങളെപ്പോഴും
എൻ നെഞ്ചിലലിഞ്ഞങ്ങു മാഞ്ഞു പോയി.
എങ്കിലും പുഴയുടെ കാറ്റിന്റെ നൊമ്പരം
എന്നുമെൻ മനസ്സിൽ ഞാനും കൊത്തിവെച്ചു.

അവയുടെ കണ്ണീരു മായ്ക്കുവാനെനിക്ക്


കഴിവില്ല എന്നറിഞ്ഞ് തന്നെ...





ABIDA C A
HSA HINDI

# കർമ്മം




ജീവചരിത്രം രചിച്ച ഒട്ടേറെ മഹാന്മാർ നമുക്ക് ജീവിതം എന്താണെന്ന് വിവരിച്ചുതന്നു. എന്നിട്ടും ഇടയ്ക്കിടയ്ക്ക് ബഹുഭൂരിപക്ഷം ചിന്തിക്കുന്ന ചോദിക്കുന്ന ഒരു ചോദ്യമാണ് -എന്താണ് ജീവിതം? നാടൻ ശൈലിയിൽ ഒരു സാധാരണക്കാരൻ ഉത്തരം നല്കും_

"ആലോചിച്ചാൽ ഒരു അന്തമില്ല- ആലോചിച്ചില്ലേൽ ഒരു കുന്തവുമില്ല." എന്നാൽ കെ.എം. മാത്യു പറയും ജീവിതം ഒരു പ്രാർത്ഥനയാണ്. സത്യത്തിൽ ദൈവം ഒരു സൃഷ്ടി നടത്തുമ്പോൾ ആ

സൃഷ്ടി മൂലം ലോകത്തിന് കിട്ടേണ്ടത് എന്താണ് എന്ന് മുൻകൂട്ടി കാണുന്നു. ദൗത്യം നിറവേറ്റിയല്ലാതെ ആ സൃഷ്ടിയെഈ ലോകത്തിൽനിന്നും ദൈവം തിരിച്ചു വിളിക്കുന്നില്ല. മനുഷ്യനുള്ളിലെ കാടുകളും കുന്നുകളും കുഴികളും ഗർത്തങ്ങളും കടുത്തുക്കുകളും മരുഭൂമികളും ചതുപ്പുകളും ഇരുണ്ട കോട്ടകളും അൾത്താരകളും വിള്ളലുകളും വിജനതകളും വ്യക്തമായി കാണുവാൻ സാധിച്ചാൽ നമുക്ക്  പരാജയം ഇല്ല. എന്നാൽ ഈ വഴികളിലൂടെ സഞ്ചരിക്കുവാൻ ക്ഷമവേണം. വിട്ടുവീഴ്ച കാരുണ്യം മുതലായവ വേണം. ലോകപരിചയവും വായന അഥവാ പരന്ന വായന തന്നെ വേണം. .


അതിജീവിക്കുമ്പോൾ ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിക്കണം. ഒന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ?

ദൈവത്തെയും ദൈവ നാമങ്ങളെയും പങ്കുവയ്ക്കുന്ന ഇക്കാലത്ത്,  ദൈവ വീടുകളെ വിലയ്ക്കുവാങ്ങുന്ന വ്യഗ്രതയിൽ നഷ്ടപ്പെടുത്തുന്നത് എന്താണ്? പുതുതലമുറയുടെ വാസസ്ഥലമോ? പച്ചപ്പോ ? ആകാശത്തിന്റെ അടി വിളറി വെളുക്കുന്നത് നാം കാണാതെ

പോകാമോ? വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറ കഷണത്തിൽ നിന്നുപോലും അനേകം രോഗങ്ങൾക്കുള്ള മരുന്ന് കണ്ടെത്തിയ തഴമ്പിച്ച കൈകളെ പാദങ്ങളെ നാം മറന്നുകളഞ്ഞുവോ? പുലർച്ചക്കു മുൻപെയുള്ള ഏകാന്തവും നിശ്ശബ്ദവുമായ വിനാഴികകൾ ഭൂമിയിൽ വെളിച്ചം നൽകിയപ്പോൾ ആ വെളിച്ചത്തെ നാം ഏറ്റുവാങ്ങിയില്ലേ.....അവർ നൽകിയ രാഗവും താളവും നമ്മുടെ നെഞ്ചിലെ താളമായി മാറിയില്ലേ ....ആ പ്രശാന്തതയിൽ നിന്നല്ലേ നാം ജീവിതയാത്ര തുടങ്ങിയത്. രണ്ട് തള്ളവിരലുകളുടെ അഗ്രത്തിൽ നിന്നും ലോകത്തിൻറെ വിസ്മയങ്ങൾ വിസ്ഫോടനങ്ങൾ ആവുമ്പോൾ ജീവിച്ചിരിക്കുന്ന തലച്ചോറുകളെ, അനുഭവസമ്പത്തുകളെ നാം ഏറ്റെടുത്ത്, വരും തലമുറയുടെ ഹൃദയത്തിലും തലച്ചോറിലും നമുക്ക് ഒന്ന് സ്പർശിക്കാം. കണ്ണും കണ്ണും കഥകൾ കൈ മാറുന്നതിലൂടെ നേത്രങ്ങളിൽ നിന്ന് നൂതന കുസുമങ്ങൾ വിരിയിക്കാം. നല്ല വാക്കിലൂടെ, ഉണർത്താൻ കഴിയുന്ന ഊർജപ്രവാഹമായി മാറാം- കഠിനാധ്വാനത്തിലൂടെ, തലച്ചോറുകൾ സംവദിക്കുന്ന ,ഹൃദയങ്ങൾ കീഴടക്കുന്ന ഉത്തരവാദിത്തം ഏറ്റെടുക്കാം.... അതെ.... അതാണ് കർമ്മം......



സക്കീന വി.എ
എച്ച്. എസ്. എ മലയാളം











# നന്ദി

ഞങ്ങളുടെ 'വിപഞ്ചിക ' എന്ന ഡിജിറ്റൽ മാഗസിന്റെ എല്ലാ പ്രവർത്തനങ്ങളിലും സ്നേഹത്തോടെയും സഹകരണത്തോടെയും സഹായിച്ച എല്ലാ അണിയറ പ്രവർത്ത കർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. അക്ഷരങ്ങളാകുന്ന മുത്തുകൾ കൊണ്ട്,തമ്പുരു മീട്ടി, 'വിപഞ്ചിക' എന്ന ഈ മാല ഞങ്ങൾ കോർത്തപ്പോൾ, ഇരുകരങ്ങളും നീട്ടി സ്വീകരിച്ച നിങ്ങളോരോരുത്തർക്കും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പേരിൽ ഹൃദ്യമായ

നന്ദി**.....**

# ലിറ്റിൽ കൈറ്റ്സ് ടീം



# വിപഞ്ചികയുടെ അണിയറയിൽ

## നേതൃത്വം നൽകിയ അധ്യാപകർ

ആബിദ  സി.എ
സ്റ്റാൻലി ജോസഫ് വടാശ്ശേരി

### പിന്നണിയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾ

ജുമാന സി.എസ്
അമാന സി.എസ്
ഫാത്തിമ നൂറ ടി.എസ്
തസ്ലിം ടി.എൻ
അമീന കെ.ഐ
അതുൽ കൃഷ്ണ കെ.എച്ച്
ആദിൽ ഹമീദ് പി.എച്ച്